പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1495

14/12/2012 ൽ
മറുപടിക്ക്

## വിശ്വമലയാള മഹോത്സവം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും, ആസൂത്രണവും<br>സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) മൂന്ന് ദിവസത്തെ വിശ്വമലയാള മഹോത്സവത്തിന് എന്തു തുക അനുവദിച്ചു; ആയതിൽ എത്ര ചെലവായി; | (എ) രണ്ടു കോടി രൂപ അനുവദിച്ചു. ഒന്നര കോടി രൂപ ചെലവായി |
| (ബി) വിശ്വമലയാള മഹോത്സവത്തിന്റെ നടത്തിപ്പിലെ കെടുകാര്യസ്ഥതയേയും ധൂർത്തിനെയും പറ്റി വ്യാപകമായ ആരോപണങ്ങൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) നടത്തിപ്പിലെ ചില പാകപ്പിഴവുകളൊഴിച്ച് ഗൗരവതരമായ ആരോപണങ്ങൾ വ്യാപകമായി നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) 8 ദിവസം നീണ്ടു നിൽക്കുന്ന അന്താരാഷ്ട്ര ചലച്ചിത്ര മേളയേക്കാൾ പണച്ചെലവ് 3 ദിവസം നടന്ന വിശ്വമലയാള മഹോത്സവത്തിന് വന്നിട്ടുണ്ടോ ; | (സി) ഇല്ല |
| (ഡി) വിശ്വമലയാള മഹോത്സവത്തിന് പുറത്തുനിന്നുള്ള പ്രതിനിധികളുടെ എണ്ണം എത്ര; എത്ര വിദേശ എഴുത്തുകാരുടെ സാന്നിദ്ധ്യം ഉണ്ടായി ; വിശദമാക്കുമോ ; | (ഡി) വിശ്വമലയാള മഹോത്സവത്തിന് വിശിഷ്ടാതിഥിയായി ഇന്ത്യയ്ക്ക് പുറത്തുനിന്ന് പ്രമുഖ ആഫ്രിക്കൻ കവി ശ്രീ.ബെൻഒക്രി പങ്കെടുത്തു. കേരളത്തിനു പുറത്തുനിന്ന് ഡോ.ഇന്ദിരാ പാർഥസാരഥി (തമിഴ്), ഷർമിള റേ (ബംഗാളി), ഡോ.സിർപി ബാലസുബ്രഹ്മണ്യം (തമിഴ്), ഡോ.സിദ്ധലിംഗ് പട്ടാൻഷെട്ടി (കന്നട), അനിതനായർ (ഇംഗ്ലീഷ്) എന്നിവർ അതിഥികളായി പങ്കെടുത്തു. പ്രവാസി മലയാള സംഘടനകളെ പ്രതിനിധീകരിച്ച് ധാരാളം പേർ അതിഥികളും പ്രതിനിധികളുമായി പങ്കെടുത്തിരുന്നു. |
| (ഇ) വിശ്വമലയാള മഹോത്സവവുമായി ബന്ധപ്പെട്ട് നടന്ന സെമിനാറുകളിൽ പല പ്രമുഖരെയും അവസാന നിമിഷം ഒഴിവാക്കിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായോ; എങ്കിൽ ആരെയൊക്കെയാണ് ഒഴിവാക്കിയതെന്ന് വ്യക്തമാക്കുമോ; | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (എഫ്) 3 ദിവസം നടന്ന വിശ്വമലയാള മഹോത്സവത്തിൽ ഭക്ഷണത്തിനായി എത്ര തുക ചെലവഴിച്ചുവെന്നറിയിക്കുമോ ? | (എഫ്) 7,47,500/- രൂപ |

സെക്ഷൻ ഓഫീസർ